# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെണ്മണി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി./പി 5-1304/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 01/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെണ്മണി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി./പി 5-1304/2023 തീയ്യതി: 01/12/2023

## ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 13-10-2023 | 21-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-10-2023 | 21-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫിസർ.
ശ്രീമതി.സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ.
ശ്രീ.മനേഷ് കുമാർ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ.
ശ്രീ.സുനിൽ കുമാർ.ജി,സീനിയർ ഗ്രേഡ് ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.സുനിമോൾ റ്റി.സി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.സ്നേഹജ ഗ്ലോറി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശുഭജിത്ത്.എസ്സ് | കൃഷി ഓഫിസർ | 01-04-2022 | 31-03-2023 |
| ഡോ.സ്മിത.എൽ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.അന്ന അശോകൻ | മെഡിക്കൽ ഓഫിസർ(സി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.പ്രജീഷ്.പി.സോമൻ | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.അമ്പിളി.കെ.നായർ | മെഡിക്കൽ ഓഫിസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ.അനിൽ കുമാർ.കെ | അസി.എഞ്ചിനിയർ | 01-04-2022 | 12-10-2022 |
| ശ്രീ.ജയപ്രകാശ്. | അസി.എഞ്ചിനിയർ | 13-10-2022 | 31-03-2023 |
| ശ്രീമതി.റജി മോൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 27-12-2022 |
| ശ്രീമതി.ഷാഹിദ.എസ്സ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 28-12-2022 | 31-03-2023 |
| ശ്രീമതി.ജ്യോതി.എസ്സ്. | അസി.സെക്രട്ടറി | 01-04-2022 | 02-11-2022 |
| ശ്രീ.സുഭാഷ് ബാബു | അസി.സെക്രട്ടറി | 03-11-2022 | 31-03-2023 |
| ശ്രീമതി.രഞ്ചു രാധാകൃഷ്ണൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ശ്രീമതി.പ്രീതാ കുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-01-2023 | 22-01-2023 |
| ശ്രീമതി.പുഷ്പ കുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 23-01-2023 | 31-03-2023 |
| ശ്രീ,പ്രവീൺ | വി.ഇ.ഒ സർക്കിൾ 1 | 01-04-2022 | 31-03-2023 |
| ശ്രീമതി.വിനീത പുഷ്പാകരൻ | വി.ഇ.ഒ സർക്കിൾ 2 | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വസ്തു നികുതി സംബന്ധിച്ച തുകകൾ വാർഷിക കണക്കിലും സഞ്ചയയിലും വ്യത്യസ്തം | 1-1-1 |
| 3 | ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയമായി നിൽക്കുന്നു. | 1-1-2 |
| 4 | വികസന ഫണ്ടിലേക്ക് (ജനറൽ) തിരിച്ചടച്ച 25000/- രൂപയുടെ കണക്ക് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമ പദ്ധതികൾ | 1-7 |
| 11 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | തനത് വരുമാനം-വിഭവസമാഹരണത്തിൽ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും-അവലോകനം | 1-10 |
| 14 | വിസ്തീർണ്ണത്തിനനുസൃതമായി വസ്തു നികുതി നിർണ്ണയിച്ചില്ല | 1-11 |
| 15 | തൊഴിൽ നികുതി - അപാകതകൾ | 1-12 |
| 16 | ലൈസൻസ് അപേക്ഷകളിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല, ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല | 1-13 |
| 17 | ലൈസൻസ് പരിശോധനയിലെ കണ്ടെത്തിയ അപാകങ്ങൾ | 1-14 |
| 18 | കടമുറികൾ പൂർണ്ണമായി ലേലത്തിൽ നൽകിയിട്ടില്ല, തനതു വരുമാനം കുറയുന്നു | 1-15 |
| 19 | ILGMS അനുബന്ധ സൗകര്യങ്ങൾ - ബില്ലിൽ നിന്നും ആവശ്യമായ കുറവുകൾ വരുത്തിയില്ല | 1-16 |
| 20 | കരാർ പ്രവൃത്തിയുടെ ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല | 1-17 |
| 21 | ലൈഫ് ഭവന നിർമ്മാണം-ഗുണഭോക്താവിന് ആനുകൂല്യം അധികം നൽകി | 1-18 |
| 22 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടിക്ക് ടോയ്‌ലെറ്റ് പദ്ധതി പ്രയോജനപ്രദമായില്ല | 1-19 |
| 23 | പി.എച്ച്.സി യ്ക്ക് മരുന്നുവാങ്ങൽ- പ്രൊഫോർമ ഇൻവോയ്സിനേക്കാൾ അധിക നിരക്ക് നൽകി | 1-20 |

| | | |
|---|---|---|
| 24 | ഗാർഹിക കംമ്പോസ്റ്റിംഗ് യൂണിറ്റ്-പദ്ധതികൾ ആവിഷ്ക്കരിക്കുന്ന വിധം നടപ്പാക്കുന്നില്ല | 1-21 |
| 25 | കുടിവെള്ള പദ്ധതികൾക്ക് മുൻകൂർ നിക്ഷേപം -പ്രവ്യത്തി പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 26 | നിക്ഷേപ പ്രവ്യത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 1-23 |
| 27 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്- കുടുംബശ്രീ യൂണിറ്റുകളെ ഏല്പിക്കുന്നില്ല | 1-24 |
| 28 | കുടുംബശ്രീ ഹെൽപ് ഡെസ്ക് പ്രവർത്തനം ആരംഭിച്ചില്ല - വാങ്ങിയ കമ്പ്യൂട്ടർ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു | 1-25 |
| 29 | വയോജനങ്ങൾക്ക് കട്ടിൽ - ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡങ്ങൾ ഉറപ്പ് വരുത്തിയിട്ടില്ല | 1-26 |
| 30 | ലൈബ്രറിയ്ക്കായി GEM മുഖേന വാങ്ങൽ - ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല | 1-27 |
| 31 | വാതിൽപ്പടി സേവന പദ്ധതി | 1-28 |
| 32 | ലാപ്ടോപ്പ് വിതരണം നടത്തിയില്ല | 1-29 |
| 33 | പഠനമുറി - പ്രവ്യത്തി പൂർത്തീകരിച്ചിട്ടില്ല | 1-30 |
| 34 | അഗതിരഹിത കേരളം - പദ്ധതി അവലോകനം | 1-31 |
| 35 | അങ്കണവാടി - അവലോകനം | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ലൈഫ് ഭവന നിർമ്മാണം-ഗുണഭോക്താവിന് ആനുകൂല്യം അധികം നൽകി | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ /വായ്പതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13-07-23 ലെ 3(1) നമ്പർ കമ്മറ്റി തീരുമാനപ്രകാരം തയ്യാറാക്കി 29-07-23 ൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ട വെൺമണി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനയിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഭാഗമായി എനിക്ക് ലഭിച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി വെൺമണി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 വസ്തു നികുതി സംബന്ധിച്ച തുകകൾ വാർഷിക കണക്കിലും സഞ്ചയയിലും വ്യത്യസ്തം

വാർഷിക കണക്കിലെയും സഞ്ചയയിലെയും വസ്തു നികുതി സംബന്ധിച്ച കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല . മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം .05/22-23/17-10-23 ) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയ പ്യൂരിഫിക്കേഷൻ പൂർണമാകാത്തതിനാലാണ് അപാകത നിലനിൽക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട് . അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് .

1-1-2 ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയമായി നിൽക്കുന്നു.

വാർഷിക ധനകാര്യ പത്രികയിൽ ഏതാനും ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയമായും ഇടപാടുകൾ നടത്തപ്പെടാതെയും നിലനിൽക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ) ADCB- സാക്ഷരത

ബി) AXIS BANK-(SBM)

സി) ADCB – Covid Donations

ഡി) Federal Bank (14th Finance Commision Grant)

ഇ) Federal Bank (Covid Refund)

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.05/22-23/17-10-23 ന് ലഭ്യമാക്കിയ മറുപടിയിൽ, ടി അക്കൗണ്ടുകൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടങ്ങിയതാണെന്നും ബന്ധപ്പെട്ട വകുപ്പിൽ നിന്നും ഇത് സംബന്ധിച്ച് സ്പഷ്ടീകരണം ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പിൽ നിന്നും അനുമതി വാങ്ങി ടി ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതും വാർഷിക കണക്കിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

1-1-3 വികസന ഫണ്ടിലേക്ക് (ജനറൽ) തിരിച്ചടച്ച 25000/- രൂപയുടെ കണക്ക് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

വികസന ഫണ്ടിലേക്ക് (ജനറൽ) 2022-23 വർഷം തിരിച്ചടച്ച 25000/- രൂപയുടെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.05/22-23 /17-10-23 ന് ലഭ്യമാക്കിയ മറുപടിയിൽ ടി അപാകത 2023-24 വാർഷിക കണക്കിൽ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 16.03.22 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. തുടർന്ന് 04-01-2023 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 196498199 | 193869299 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം &എക്സ്പെന്റിച്ചർ) | 133761034 | 131505092 |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4174260 |
| വരവ് | 31486122 |

| | |
|---|---|
| ആകെ | 35660382 |
| ചെലവ് | 27819606 |
| നീക്കിയിരിപ്പ് | 7840776 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ്(സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെ) | ആകെ | ചെലവ്(സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെ) | ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | | 20728000 | 20728000 | 19944128 | 783872 |
| വികസനഫണ്ട് (എസ്.സി.പി) | | 14262000 | 14262000 | 14266704 | 15296 |
| സംരക്ഷണഗ്രാന്റ് (റോഡ്) | | 11607000 | 11607000 | 11607000 | 0 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | | 7377000 | 7377000 | 7349731 | 27269 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് (ബാങ്ക്) | 1667980 | 3418000 | 5085980 | 3097149 | 1988831 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് (ട്രഷറി) | | 5528915 | 5528915 | 925794 | 4603121 |
| പെർഫോർമൻസ് ഗ്രാന്റ്(അൺ ടൈഡ്)ബാങ്ക് | 115776 | 2335304 | 2451080 | 1524152 | 926928 |
| പെർഫോർമൻസ് ഗ്രാന്റ്(അൺ ടൈഡ്)(ട്രഷറി) | | 2675374 | 2675374 | 1918361 | 757013 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 129795665 | 146 | 58718730 | 46 | 3 | 74.87% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 438 | 1027767 | 1028205 | 1014427 | 13778 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 26323239 | 26323239 | 26323239 | 0 |
| ആകെ | 438 | 27351006 | 27351444 | 27337666 | 13778 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2677200 | 324 |
| വിധവാ പെൻഷൻ | 9450600 | 685 |
| വാർദ്ധക്യകാല പെൻഷൻ | 23750500 | 173 |
| വികലാംഗ പെൻഷൻ | 3154800 | 286 |
| അവിവാഹിത പെൻഷൻ | 515600 | 40 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-10-23 തീയതിയിൽ 3 P.m. സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 743/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ഓഫീസ് ആവശ്യത്തിന് വാങ്ങുന്ന സ്റ്റേഷനറി സാധനങ്ങൾ, ടെന്റർ ഫോം സ്റ്റോക്ക്-വിതരണ രജിസ്റ്ററുകൾ, വിലയ്ക്ക് നൽകുന്ന ഫോമുകൾ, നോട്ടീസുകൾ മുതലായവയുടെ സ്റ്റോക്ക് വിതരണ വിവരം കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

2.നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ബുക്കുകൾ വർഷാവസാനം തിരികെ വാങ്ങുന്നില്ല.

3.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ ശരിയായ അക്കൗണ്ടിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

4.ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം എഴുതി തയ്യാറാക്കുന്നില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

## 1-10 തനത് വരുമാനം-വിഭവസമാഹരണത്തിൽ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും-അവലോകനം

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ, തനത് വരവിനങ്ങളുടെ ഡിമാൻഡുകൾ കൃത്യവും പൂർണ്ണവുമല്ല എന്ന് വ്യക്തമായിട്ടുണ്ട്. ഇത് നികുതി ശോഷണത്തിനും ഇടയാക്കിയിട്ടുണ്ട്. പുതിയ തനത് വരുമാനമേഖലകൾ കണ്ടെത്താൻ സാധ്യതകൾ ഇല്ലാത്തതിനാൽ അപ്രകാരമുള്ള നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനും സമയപരിധിക്കുള്ളിൽ അവ സമാഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടില്ല.

തൻവർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത നികുതി നികുതിയേതര തനത് വരുമാന കണക്കുകളും വാർഷിക ധനകാര്യപത്രിക പ്രകാരം ഈ ഇനത്തിൽ ലഭിച്ച തുകകളുടെ വരവുചെലവുകളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

ബജറ്റ് പ്രകാരമുള്ളത്

| | |
|---|---|
| ബജറ്റ് പ്രകാരമുള്ള തനത് വരുമാനത്തിലെ പ്രതീക്ഷിത വരവ് | 8443700 |
| ചെലവ് | 18631230 |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തനത് വരുമാനം

| | |
|---|---|
| നികുതി, നികുതിയേതര ഇനങ്ങളിലെ വരവ് | 7698121 |
| ചെലവ് | 12542904 |

ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

വരുമാന വർദ്ധനവിനായി സ്വീകരിച്ചതും സ്വീകരിക്കേണ്ടതുമായ നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1) സർക്കാർ നിർദ്ദേശിച്ച നിരക്കിൽ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിത്തുടങ്ങി.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 203-ാം വകുപ്പ് (2), (4) ഉപ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമമനുസരിച്ച് ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് 05.04.2023 തീയതിയിൽ സ.ഉ.(അച്ചടി)നം. 25/2023/എൽ.എസ്.ജി.ഡി. വിജ്ഞാപന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നികുതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് വരുന്നതിന് മുമ്പ് 2021-22 ൽ തന്നെ ഗ്രാമപഞ്ചായത്ത് ജി.ഐ.എസ് മാപ്പിംഗ് വഴി മുഴുവൻ കെട്ടിടങ്ങളുടേയും വിവരശേഖരണം തുടങ്ങിയിരുന്നു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ പ്രസ്തുത ചുമതല ഏൽപ്പിക്കുകയും 2021-22 ൽ സർവ്വെയ്ക്കായി 573799/- രൂപയും (പ്രോജക്ട് നം.S0096/22) 2022-23 ൽ 1498600/- രൂപയും (പ്രോജക്ട് നം.S0064/23) ചെലവഴിക്കുകയും ചെയ്തു. ഇപ്രകാരം വിവരശേഖരണം പൂർത്തിയാക്കിയ പഴയ കെട്ടിടങ്ങൾക്ക് 01.04.2023 മുതൽ 5% നികുതി വർദ്ധനവും പുതിയ കെട്ടിടങ്ങൾക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരവുമുള്ള നിരക്കുമാണ് ഈടാക്കുന്നത്.

വസ്തുനികുതി പരിഷ്കരണം 17.05.2023 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം നം.2(1) പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നികുതി നിരക്കിന്റെ കരട് വിജ്ഞാപനം പൊതുജനങ്ങളുടെ അറിവിലേക്കും ആക്ഷേപങ്ങൾക്കുമായി ദിനപ്പത്രത്തിൽ പ്രസിദ്ധീകരിക്കുകയും നിയമാനുസൃത കാലയളവിന് ശേഷം ആക്ഷേപങ്ങൾ പരിഹരിച്ച് കരട് വിജ്ഞാപനം അന്തിമമാക്കി ഭരണസമിതിയുടെ 13.07.2023 ലെ തീരുമാനം നം.2(1) പ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

പ്രദേശത്തിന്റെ വികസന സ്ഥിതി അടിസ്ഥാന സൗകര്യങ്ങൾ, വഴി സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള 15 വാർഡുകളിൽ ഉൾപ്പെട്ട വിവിധ മേഖലകളെ സംബന്ധിച്ച് വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള നികുതി സഞ്ചയയിൽ വരുത്തിയെങ്കിലും അപാകതകൾ പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല.

2) അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല.

കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018 (SRO No.96/2018; 15.02.2018) പ്രകാരം 31.07.2017 ന മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു.

ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ ഫയലുകളും മേൽ രജിസ്റ്ററുകളും യാതൊരു വിവരങ്ങളും ലഭ്യമല്ല. സഞ്ചയ സോഫ്റ്റ്വെയറിൽ നിലവിൽ 7 കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ അവശേഷിക്കുന്നു. അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനോ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെ യഥാവിധി ജനങ്ങളിൽ എത്തിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ തദ്ദേശ സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

3) സേവന ഉപ നികുതി

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. നിലവിൽ പഞ്ചായത്ത് 16% സേവന ഉപനികുതി ഈടാക്കുന്നുണ്ട്.

4) പ്രിസംപ്റ്റീവ് ടാക്സ് ഈടാക്കുന്നില്ല

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. അഭിഭാഷകർ, മറ്റു പ്രൊഫഷണലുകൾ, മരാമത്ത് പണി ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, വാഹന ഉടമകൾ എന്നിങ്ങനെയുള്ള വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. പാരാമെഡിക്കൽ/ഹോസ്പിറ്റൽ രജിസ്ട്രേഷൻ വിവരങ്ങൾ, കരാറുകാരുടെ വിവരങ്ങൾ എന്നിവരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല. പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

5)ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല, തനത് വരുമാനം പൂർണ്ണമായി ഡിമാന്റ് ചെയ്ത് ഈടാക്കാനാവുന്നില്ല.

ഓഡിറ്റ് വർഷം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ കച്ചവട സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡടിസ്ഥാനത്തിലുള്ള ഒരു ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2022-23 ൽ ലൈസൻസിന് അപേക്ഷ സമർപ്പിക്കുകയും ഫീസടക്കുകയും ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ആവശ്യമുള്ള സ്ഥാപനങ്ങൾ, ഓരോ വർഷവും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയുടെ കൃത്യമായ വിവരം ലഭ്യമല്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഫീസ്, തൊഴിൽ നികുതി ഇനങ്ങളിൽ കൂടുതൽ വരുമാന സാധ്യതകൾ കണ്ടെത്തേണ്ടതാണ്.

6)കടമുറികൾ പൂർണ്ണമായി ലേലത്തിൽ നൽകാനായില്ല, വാടക വരുമാനത്തിൽ കുറവ്.

പഞ്ചായത്തിന്റെ അധീനതയിലുള്ള വെൺമണി പാറച്ചന്ത ഷോപ്പിംഗ് കോംപ്ലക്സ് മുറികളിൽ ഏതാനും കടമുറികൾ ലേലത്തിൽ പോകാഞ്ഞതിനാൽ വാടക വരുമാനം പൂർണ്ണമായി ഈടാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിന് ആവശ്യമായ പ്രായോഗിക

നടപടികൾ ഗ്രാമപഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

1-11 വിസ്തീർണ്ണത്തിനനുസൃതമായി വസ്തു നികുതി നിർണ്ണയിച്ചില്ല

അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ വെണ്മണി ഗ്രാമപഞ്ചായത്ത് പരിധിയിലെ 100 ച.മീറ്ററിന് താഴെയുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 ഉം 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ച.മീറ്ററിന് 70/- രൂപയായും നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ താഴെപ്പറയുന്ന വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ്, കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം(ച.മീ.) | ചുമത്തിയ അടിസ്ഥാന വസ്തു നികുതി@50 | ചുമത്തേണ്ട അടിസ്ഥാന വസ്തു നികുതി@70 | കുറവ് |
|---|---|---|---|---|---|
| ബിജു.എം.എബ്രഹാം, കഞ്ഞോണിൽ മേഴ്സി വില്ല, വെണ്മണി | XIV/464 A | 26 | 1300 | 1820 | 520 |
| | XIV/464 B | 26 | 1300 | 1820 | 520 |
| | XIV/464 C | 52 | 2600 | 3640 | 1040 |
| | ആകെ | 104 | 5200 | 7280 | 2080/- (*) |

മേൽപ്പറഞ്ഞ കെട്ടിടങ്ങൾക്കെല്ലാം വഴി സൗകര്യത്തിന് 20% വർദ്ധനവ് കൂടി വരുത്തി 2496/-രൂപ ആകെ വസ്തുനികുതി നിശ്ചയിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 പ്രകാരം മേൽപ്പറഞ്ഞ കെട്ടിടത്തിന് ബാധകമായ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/18.10.2023) മറുപടി ഹാജരാക്കിയില്ല. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുറവ് വന്ന നികുതി ഈടാക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി - അപാകതകൾ

പഞ്ചായത്തിന്റെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

(I)വരുമാനത്തിനനുസൃതമായി തൊഴിൽനികുതി ഈടാക്കിയില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3 പ്രകാരം അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട തൊഴിൽ നികുതി നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ വരുമാനത്തിനനുസൃതമായി തൊഴിൽനികുതി (രണ്ടാം അർദ്ധവർഷം) ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനം | ജീവനക്കാരുടെ പേര്, തസ്തിക | അർദ്ധ വാർഷിക | ഈടാക്കിയ തൊഴിൽ | ഈടാക്കേണ്ട തൊഴിൽ | കുറവ് |
|---|---|---|---|---|---|

| | | വരുമാനം | നികുതി | നികുതി | |
|---|---|---|---|---|---|
| സെന്റ് തോമസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് | രമ്യമോൾ, ലാബ് അസിസ്റ്റന്റ് | 45000 | 300 | 450 | 150 |
| | ജിതിൻ.എസ് | 60000 | 450 | 600 | 150 |
| | വിനോദ്.കെ.വി | 75000 | 600 | 750 | 150 |

കുറവ് വന്ന തൊഴിൽ നികുതി(450/-) ഈടാക്കി അറിയിക്കേണ്ടതാണ്.

(II) താഴെപ്പറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

(I)കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് - രണ്ടാം അർദ്ധ വർഷം

(Ii)അച്ചൂസ് ഫിനാൻസ്, കല്യാത്തറ – ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ

മേൽപ്പറഞ്ഞ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/18.10.2023) മറുപടി ഹാജരാക്കിയില്ല. കുറവ് വന്ന തൊഴിൽ നികുതി ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് അപേക്ഷകളിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല, ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

ലൈസൻസ് അപേക്ഷകളിൽ സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം, യന്ത്രസഹായത്താൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ യന്ത്രത്തിന്റെ പവർ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വർഷം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ കച്ചവട സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡടിസ്ഥാനത്തിലുള്ള ഒരു ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2022-23 ൽ ലൈസൻസിന് അപേക്ഷ സമർപ്പിക്കുകയും ഫീസടയ്ക്കുകയും ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ആവശ്യമുള്ള സ്ഥാപനങ്ങൾ, ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയുടെ കൃത്യമായ വിവരം ലഭ്യമല്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഫീസ്, തൊഴിൽ നികുതി ഇനങ്ങളിൽ കൂടുതൽ വരുമാന സാധ്യത കണ്ടെത്തേണ്ടതാണ്.

## 1-14 ലൈസൻസ് പരിശോധനയിലെ കണ്ടെത്തിയ അപാകങ്ങൾ

1)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യ ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 2022-23 സാമ്പത്തിക വർഷം കേരള പഞ്ചായത്ത്‌രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 1997 പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല. വിശദാംശം താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ വിവരം | വാർഡ് നം. | സ്ഥാപനത്തിന്റെ വിശദാംശം |
|---|---|---|---|
| 1 | രാജി എസ്. പിള്ള, വൃന്ദാവനം, ചെറുവല്ലൂർ, കൊല്ലകടവ് | X-475 | ദന്തൽ ക്ലിനിക് |
| 2 | ഷൈലജ പി.കെ., എം.എസ്. വില്ല. വെൺമണി | VIII/133 B,C | ക്ലിനിക്കൽ ലാബോറട്ടറി |

| | | | |
|---|---|---|---|
| 3 | മീന കെ.സി.,<br>മാമ്പിലേത്ത് പടിഞ്ഞാറ്റേതിൽ<br>പെരിങ്ങനാട് | II/918 | ആശുപത്രി |
| 4 | സുഷമകുമാരി വി.<br>രവിമന്ദിരം, മാങ്കാങ്കുഴി | ലഭ്യമല്ല | ലബോറട്ടറി |

2) രജിസ്ട്രേഷൻ പുതുക്കാത്ത സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ വിവരം | വാർഡ് നം. | സ്ഥാപനത്തിന്റെ വിശദാംശം |
|---|---|---|---|
| 1 | പ്രസന്നകുമാർ.ഡി.<br>സരസ്വതി നിലയം, വെൺമണി | V/370 A | ക്ലിനിക്കൽ ലാബോറട്ടറി |
| 2 | സോഫിയ ജോൺ<br>കല്ലുക്കാട്ട്, വെൺമണി | XIV/486 | മെഡിക്കൽ ലാബോറട്ടറി |
| 3 | സ്വപ്ന വി. പുഷ്പൻ<br>പുലിപ്പാറ മോയിൽ, പെണ്ണുക്കര | II/433 E,F | ക്ലിനിക്കൽ ലാബോറട്ടറി |
| 4 | ജയ് ക്രിറ്റഫർ മാത്യു<br>മത്തിലേത്ത് വീട്,<br>വെൺമണി.പി.ഒ | XIV/200 | ദന്തൽ ക്ലിനിക്ക് |
| 5 | രാജശ്രീ<br>പൊയ്കയിൽ കിഴക്കേതിൽ<br>വെൺമണി | XIII/202 | ഹോമിയോ ക്ലിനിക് |
| 6 | റഹീം റാവുത്തർ<br>മാമ്പിലേത്ത് പടിഞ്ഞാറ്റേതിൽ,<br>പെരിങ്ങനാട് | VI/863 | ആശുപത്രി |
| 7 | ജയകുമാർ.റ്റി.ജെ<br>സി.എം.കോട്ടേജ്, തോന്നല്ലൂർ | XIV,306,307 | ക്ലിനിക്കൽ ലാബോറട്ടറി |

ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1) – ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷനില്ലാതെയും നിയമവിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8-പ്രകാരം 5000/- രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധമായി പ്രവർത്തനം തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500/- രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

3)വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്നതിനുള്ള

മോട്ടോർ ഫീ ഈടാക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ വിവരം | വാർഡ് നം. | മോട്ടോറിന്റെ ശക്തി | സ്ഥാപനത്തിന്റെ വിശദാംശം |
|---|---|---|---|---|
| 1 | ലാലി ശ്രീകുമാർ<br>ഉഷ ഭവൻ, പുന്തല | V/396 | 10 HP | ഫ്ലോർമിൽ |
| 2 | പി.കെ.റഹിം<br>പള്ളി പടീറ്റേതിൽ, കൊല്ലകടവ് | VIII/218A | 19HP | ഏ.ആർ. ബ്രിക്സ് |
| 4 | റോണി ജോസഫ്<br>നെടിയ പറമ്പിൽ, കൊഴുവല്ലൂർ | I/384,385 | 5HP | ശക്തി മാച്ചസ് |
| 5 | അൻസൺ മഹർ<br>പൊൻവിളയിൽ, വെൺമണി | V/604A | 10 HP | പൊൻവിളയിൽ സോളിഡ് ബ്രിക്സ് |
| 6 | സുകു സുകുമാരപിള്ള<br>സുകുഭവനം, പെണ്ണുക്കര | II/E | 2HP | ലക്ഷ്മി ടയർ വർക്സ് |
| 7 | പ്രശാന്ത്.എം.വി<br>മാവിനേത്ത് പുത്തൻ വീട്, മാന്ത്ര, കോട്ടുകുളഞ്ഞി | III/3 | 4.5 HP | വൈശാഖം ഫുഡ് വർക്സ് |
| 8 | മധു ആനന്ദൻ<br>കുന്നത്തേത് തെക്കേതിൽ<br>പുന്തല | VII/208 | 2HP | ശിവം ഫ്ലോർ മിൽ |

4)റേഷൻ റീട്ടെയിൽ ഷോപ്പുകളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഒരു റേഷൻഷോപ്പിൽ നിന്ന് (2/94) മാത്രമാണ് ലൈസൻസ് ഫീസ്, ഈടാക്കിയിട്ടുള്ളത്. നിലവിലെ ചട്ടങ്ങൾ പ്രകാരം എല്ലാ റേഷൻ ഡിപ്പോകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കിയശേഷം വിവരം അറിയിക്കേണ്ടതാണ്.

2022-23 വർഷത്തിൽ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം നിക്ഷേപം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ, മോട്ടോറുകളുടെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത്

ക്രമപ്രകാരമാണോയെന്ന് വിലയിരുത്തുന്നതിന് സാധിച്ചിട്ടില്ല. സ്ഥാപനങ്ങൾ ഉൽപാദന, സേവന മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ മിക്ക ലൈസൻസ് അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നമ്പർ- 25/2022-23 തീയതി.21.10.23).

1-15 കടമുറികൾ പൂർണ്ണമായി ലേലത്തിൽ നൽകിയിട്ടില്ല, തനതു വരുമാനം കുറയുന്നു

പഞ്ചായത്തിന്റെ അധീനതയിലുള്ള വെൺമണി, പാറച്ചന്ത ഷോപ്പിംഗ് കോംപ്ലക്സ് മുറികളിൽ താഴെപ്പറയുന്ന കടമുറികൾ ലേലത്തിൽ പോകാത്തതിനാൽ ഒഴിഞ്ഞ് കിടക്കുന്നു.

| ഷോപ്പിംഗ് കോംപ്ലക്സ് | കടമുറി നമ്പർ |
|---|---|
| വെൺമണി | 8 |
| പാറച്ചന്ത | 3 |
| പാറച്ചന്ത | 4 |

മേൽ കടമുറികൾ യഥാസമയം ലേലത്തിൽ നൽകാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/18.10.2023) ലേലവും പുനർ ലേലവും നടത്തിയെങ്കിലും പ്രസ്തുത കടമുറികൾ ആരും ലേലം കൊണ്ടില്ല എന്ന് മറുപടി ലഭിച്ചു. പഞ്ചായത്തിന്റെ ആസ്തിയായ മുഴുവൻ കടമുറികളും ലേലത്തിൽ നൽകാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 ILGMS അനുബന്ധ സൗകര്യങ്ങൾ - ബില്ലിൽ നിന്നും ആവശ്യമായ കുറവുകൾ വരുത്തിയില്ല

പ്രോജക്ട് നം.69/23, ILGMS അനുബന്ധ സൗകര്യങ്ങൾ (സ്പിൽ ഓവർ)

നിർവഹണം - സെക്രട്ടറി

അടങ്കൽ - 379000/-

ചെലവ് - 344484/-(തനത് ഫണ്ട്)

വൗച്ചർ നം.22200459/19.9.2022, 22200881/31.3.2023

പഞ്ചായത്തിൽ ILGMS പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി GEM മുഖാന്തിരം കരാർ കെ.എം.ടെക്നോളജി കോട്ടയം എന്ന സ്ഥാപനത്തിന് നൽകുകയുണ്ടായി. പ്രോജക്ടിൽ A3 സൈസ് സ്കാനർ, ട്രൈപോഡ് സ്റ്റാന്റ്, 2 പ്രിന്റർ, മൾട്ടി മീഡിയ പ്രോജക്ടർ എന്നീ ഉപകരണങ്ങൾ വാങ്ങി ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ബിൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കരാറുകാരന് നൽകിയ തുക, ബിൽ തീയതി | ബില്ലിൽ നിന്നും ഈടാക്കിയ GST, IT എന്നിവ | ഉറവിടത്തിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന GST, IT |
|---|---|---|

| | | |
|---|---|---|
| 19.09.2022 (229978/-)<br>31.03.2023 (99358/-)<br>ആകെ - 329336 | 1648 (GST TDS)<br>IT – 0 | 5796/- (GST TDS)<br>2898 (IT) |

കരാറുകാരൻ ഹാജരാക്കിയ ബില്ലിൽ 329336/- രൂപ ജി.എസ്.ടി (12%) ഉൾപ്പെടെയുള്ള തുകയാണ്. ഇതിൽ നിന്നും ജി.എസ്.ടി 12% കുറച്ചുള്ള അടിസ്ഥാന വിലയിൽ നിന്നും (289816/-) ഉറവിടത്തിൽ ഈടാക്കേണ്ട 2% ജി.എസ്.ടി (GST TDS) 5796/- രൂപയായിരുന്നു. എന്നാൽ ഈയിനത്തിൽ 1648/- രൂപ മാത്രമാണ് ഈടാക്കിയത്. ആദായനികുതി ഇനത്തിൽ ഈടാക്കേണ്ട 1% നികുതിയും (2898/-) ഈടാക്കിയില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/17.10.2023) ജി.എസ്.റ്റി റ്റി.ഡി.എസ് ഇനത്തിൽ കുറവ് വന്ന 4148/- രൂപയും ആദായ നികുതി ഇനത്തിൽ 2898/- രൂപയുമുൾപ്പെടെ 7046/- രൂപ ഈടാക്കുമെന്നറിയിച്ചിട്ടുണ്ട്. ജി.എസ്.റ്റി റ്റി.ഡി.എസ്, ആദായ നികുതി ഇനങ്ങളിൽ കുറവ് വന്ന 7046/- രൂപ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 കരാർ പ്രവൃത്തിയുടെ ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

പ്രോജക്ട് നം.S0175/23

തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ

അടങ്കൽ - 1000000/-(വികസന ഫണ്ട്)

ചെലവ് വിവരങ്ങൾ

ബിൽ നം.26/13.12.2022, 309000/-

എഗ്രിമെന്റ് നം.2661 തീയതി 24.09.2022

സെക്രട്ടറി നിർവഹണം നടത്തിയ പ്രസ്തുത പ്രോജക്റ്റിൽ തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങാനായി യുണൈറ്റഡ് ഇലക്ട്രിക്കൽസിന് 302330/- രൂപയും ജി.എസ്.ടി ഇനത്തിൽ 6670/- രൂപയുമുൾപ്പെടെ 309000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

കരാർ പ്രകാരം നിർവഹിച്ച പ്രവൃത്തികളിൽ പെയ്മെന്റ് നടത്തുമ്പോൾ ആദായനികുതി (1%) കുറവ് ചെയ്തുവേണം കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ മേൽ പ്രോജക്റ്റിൽ ആദായ നികുതി (3023/-രൂപ) ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/17.10.2023) കുറവ് വന്ന നികുതി കരാറുകാരനിൽ നിന്ന് ഈടാക്കുമെന്നറിയിച്ചു. കുറവ് വന്ന തുക (3023/-) ഈടാക്കി അറിയിക്കേണ്ടതും ഭാവിയിൽ കരാർ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-18 ലൈഫ് ഭവന നിർമ്മാണം-ഗുണഭോക്താവിന് ആനുകൂല്യം അധികം നൽകി

പ്രോജക്ട് നം. S0145/2023

ലൈഫ് ഭവന നിർമ്മാണം- എസ്.സി (അഡീഷണൽ)

നിർവഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

അടങ്കൽ

വികസന ഫണ്ട്(എസ്.സി.പി) :- 1196800

ജില്ലാപഞ്ചായത്ത് വിഹിതം :- 800000

ബ്ലോക്ക് പഞ്ചായത്ത് വിഹിതം :- 500000

സംസ്ഥാനാവിഷ്കൃത ഫണ്ട് :- 500000

ഹഡ്കോ ലോൺ :- 995350

തനതു ഫണ്ട് :- 7850

ആകെ :- 4000000

ചെലവ് വിവരങ്ങൾ

BRN 22070252008900629788 Dated 11-10-2022 തുക 4,20,000/-

ലൈഫ് ഭവന നിർമ്മാണം- എസ്.സി (അഡീഷണൽ) എന്ന പ്രോജക്ടിന്റെ ചെലവ് രേഖകൾ, രജിസ്റ്റർ ബില്ലുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് 420000/- രൂപ ലൈഫ് ഭവന പദ്ധതിക്കുള്ള ആനുകൂല്യമായി നൽകി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും അഡ്രസ്സും | തീയതി | നൽകിയ തുക | സ്റ്റേജ് ഓഫ് കൺസ്ട്രക്ഷൻ |
|---|---|---|---|
| അമ്പിളിജുബിൻ, ചേമ്പേത്ത്, വെണ്മണി.പി.ഒ, വെണ്മണി | 04-01-21 | 40,000/- | അഡ്വാൻസ് |
| | 29-07-2021 | 1,60,000/- | ഫൗണ്ടേഷൻ |
| | 11-10-22 | 60,000/- | കംപ്ലീഷൻ |
| | 26-10-2022 | 1,60,000/- | റൂഫ് |
| | ആകെ | 420000/- | |

അധികം നൽകിയ 20,000/- രൂപ പ്രസ്തുത വ്യക്തിയിൽ നിന്നും തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന്(നം.8 തീയതി 17-10-2023) ലഭ്യമാക്കിയ മറുപടിയിൽ, ഗുണഭോക്താവിന് തുക അധികം നൽകിയിട്ടുണ്ടെന്നും വിവരം ഗുണഭോക്താവിനെ ബോധ്യപ്പെടുത്തി തുക തിരികെ അടക്കാമെന്നും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 20000/- രൂപ ടി ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി സർക്കാരിന്റെ സഞ്ചിതനിധിയിൽ ഒടുക്കേണ്ടതാണ്.

1-19 വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടിക്ക് ടോയ്‌ലെറ്റ് പദ്ധതി പ്രയോജനപ്രദമായില്ല

പ്രോജക്ട് നം. S0204/23

157-ാം നമ്പർ അങ്കണവാടിക്ക് ടോയ്‌ലെറ്റ് നിർമ്മാണം

അടങ്കൽ വിവരങ്ങൾ

ധനകാര്യ കമ്മീഷൻ ഗ്രാന്റ് -2,00,000/-രൂപ

ചെലവ് വിവരങ്ങൾ

ബിൽ നം.:-BRN 22070252008203583 തീയതി 22-11-2022 തുക 140451/- രൂപ

കരാറുകാരൻ സുനിൽ കുമാർ, കോമ്പ്രായത്ത്

എഗ്രിമെന്റ് നം. 64/AE/LIDEW/VMY 2021-22, Dated 14-03-2022

എം.ബുക്ക് നം. 49/2022-23

പദ്ധതിപ്രകാരം 157-ാം നമ്പർ അങ്കണവാടിക്ക് ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിന് 140451/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ 157-ാം നമ്പർ അങ്കണവാടി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ഐ.സി.ഡി.എസ് ഓഫീസർ അറിയിച്ചു. പുന്തല ജെ.ബി.എസ്. സ്കൂളിലാണ് പ്രസ്തുത നിർമ്മാണം നടത്തിയിട്ടുള്ളതെന്നും അങ്കണവാടി സ്കൂളിലേക്ക് ഭാവിയിൽ മാറ്റി സ്ഥാപിക്കണമെന്ന ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത വർക്ക് നടത്തിയിട്ടുള്ളതെന്നും നിർവഹണ ഉദ്യോഗസ്ഥനായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്.

സ്കൂളിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ തുടങ്ങിയിട്ടുള്ള സാഹചര്യത്തിൽ, അങ്കണവാടി മാറ്റി സ്ഥാപിക്കുന്നത് നടപ്പാക്കാൻ സാധിക്കുമോയെന്ന വിഷയത്തിൽ ഭരണസമിതിയുടെ വ്യക്തമായ അഭിപ്രായം, പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം.26 തീയതി 21-10-2023). വിദ്യാഭ്യാസ വകുപ്പിന്റെ നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് വാങ്ങി അങ്കണവാടി മാറ്റി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അങ്കണവാടിക്ക് ഭൗതിക സാഹചര്യം ഒരുക്കുന്നതിനായി ചെലവഴിച്ച തുക നിലവിലും പ്രയോജനപ്പെട്ടിട്ടില്ല. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് അങ്കണവാടി സ്കൂളിലേക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 പി.എച്ച്.സി യ്ക്ക് മരുന്നുവാങ്ങൽ- പ്രൊഫോർമ ഇൻവോയ്സിനേക്കാൾ അധിക നിരക്ക് നൽകി

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ഔഷധങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ കാരുണ്യ, ജൻ ഔഷധി, സപ്ലൈകോ, നീതി സ്റ്റോർ എന്നിവിടങ്ങളിൽ നിന്ന് മരുന്നുവാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ് 193/2022. ത.സ്വ.ഭ.വ.തീയതി. 26.03.22 തീയതിയിലെ ഉത്തരവിലൂടെ ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ/ മെഡിക്കൽ ഓഫീസർമാർ എന്നിവർക്ക് അനുവാദം നൽകിയിട്ടുണ്ട്.

മേൽ ഉത്തരവ് പ്രകാരം മെഡിക്കൽ ഓഫീസർ, കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ ലിമിറ്റഡ്-ന്റെ നിയന്ത്രണത്തിലുള്ള നീതി മെഡിക്കൽ സ്റ്റോർ, ചെങ്ങന്നൂരിൽ നിന്നും ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ നമ്പർ, പേര്, | ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നമ്പർ തീയതി |
|---|---|---|---|---|
| പ്രോജക്ട് നമ്പർ-22/23 പി.എച്ച്.സിയ്ക്ക് മരുന്നുവാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 500000 | 98575 | 09/22-23 തീയതി 29.08.22 |

നിത്യോപയോഗ മരുന്നുകൾക്കായി നീതി മെഡിക്കൽസ്, റെയിൽവേ സ്റ്റേഷൻ സമീപം ചെങ്ങന്നൂർ എന്ന സ്ഥാപനത്തിന് പ്രെഫോർമ ഇൻവോയ്സിനായി ഇൻഡന്റ് നല്കി. സ്ഥാപനം ഇൻവോയ്സ് നൽകുകയും എന്നാൽ ഇൻവോയ്സ് പ്രകാരമുള്ള വിലയിൽ നിന്നും അധികമായ തുക മെഡിക്കൽ സ്റ്റോറിന് നല്കുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻഡന്റ് | | പ്രൊഫോർമ ഇൻവോയിസ് | | | ഫൈനൽ ബിൽ തുക | | |
|---|---|---|---|---|---|---|---|
| Product Name | Quantity | Product Name | Quantity | Amount | Product Name | Quantity | Amount |
| Cap.Amoxycillin 500mg | 5000 | Cap.Amoxycillin 500mg | 5000 | 17780 | Cap.Amoxycillin 500mg | 5000 | 16562.5 |
| T Atrovastatin 10mg | 30000 | T Atrovastatin 10mg | 30000 | 22280 | T Atrovastatin 10mg | 30000 | 31044.6 |
| T.Azitromycin 500 Mg | 1000 | T.Azitromycin 500 Mg | 1000 | 11607 | T.Azitromycin 500 Mg | 999 | 11930.2 |
| Syp.Cetirizine 5mg/5ml | 100(30ml Bottle) | Syp.Cetirizine 5mg/5ml | 100(30ml Bottle) | 1385 | Syp.Cetirizine 5mg/5ml | 100(30ml Bottle) | 1494 |
| Syp.salbutamol 2mg/5ml | 100(60ml Bottle) | Syp.salbutamol 2mg/5ml | 100(60ml Bottle) | 1644 | Syp.salbutamol 2mg/5ml | 100(60ml Bottle) | 1267 |

| | | | | | | | |
|---|---|---|---|---|---|---|---|
| T.Glimepiride 2mg | 20000 | T.Glimepiride 2mg | 20000 | 10664 | T.Glimepiride 2mg | 20000 | 9964 |
| T.Telmisartan | 15000 | T.Telmisartan | 15000 | 16654 | T.Telmisartan | 15000 | 15750 |
| Total | | | | 82314 (Add 12% GST)<br>Grant Total-92192 | | | 98575 (Inclusive Of Taxes) |
| Difference In Excess | 6383 | | | | | | |

പ്രോഫോർമ ഇൻവോയ്സ് പ്രകാരം അറിയിച്ച വിലയിൽ നിന്നും 6,383 രൂപയുടെ അധിക ചെലവ് പദ്ധതി നിർവ്വഹണത്തിന് ഉണ്ടായിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 ഗാർഹിക കംമ്പോസ്റ്റിംഗ് യൂണിറ്റ്-പദ്ധതികൾ ആവിഷ്കരിക്കുന്ന വിധം നടപ്പാക്കുന്നില്ല

പ്രോജക്ട് നമ്പർ – S0246/2023
പ്രോജക്ടിന്റെ പേര് – ബയോബിൻ വിതരണം
നിർവഹണ ഉദ്യോഗസ്ഥൻ :-വി.ഇ.ഒ
ധനകാര്യകമ്മീഷൻ ഗ്രാന്റ് :-575395
ബ്ലോക്ക് പഞ്ചായത്ത് വിഹിതം:-232845
ജില്ലാ പഞ്ചായത്ത് വിഹിതം:-1496210
ഗുണഭോക്തൃവിഹിതം :-256050
ആകെ അടങ്കൽ :-2560500
ചെലവ് വിവരം : XVFC/2022-23/P/18/30.3.2023

ഗാർഹിക കമ്പോസ്റ്റിംഗ് യൂണിറ്റ് ആയ ബൊക്കാഷി ബക്കറ്റ് വിതരണം ചെയ്യുന്നതിനുള്ള ഈ പദ്ധതി പ്രകാരം 500 യൂണിറ്റ് ബൊക്കാഷി ബക്കറ്റ് ഗ്ലോബൽ ഫാർമസ്യൂട്ടിക്കൽസിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ശുചിത്വമിഷന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് ഒരു യൂണിറ്റിന് 2840 രൂപയാണ് വില.ഇതിന്റെ 10% വരുന്ന തുക 284/-രൂപ വീതം 500 ഗുണഭോക്താക്കളിൽ നിന്ന് 142000/-രൂപ ഗുണഭോക്തൃവിഹിതമായി ഈടാക്കി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇത് കൂടാതെ സി.എഫ്.സി ഗ്രാന്റ് വിഹിതമായി 900 യൂണിറ്റ് ബൊക്കാഷി ബക്കറ്റിന് പദ്ധതിയിൽ വകയിരുത്തിയ തുകയായ 575395/- രൂപ പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നു. ആനുപാതികമായി 500 ബൊക്കാഷി ബക്കറ്റുകൾക്കായി ചെലവഴിക്കേണ്ട സി.എഫ്.സി ഗ്രാന്റ് വിലയുടെ 22.5% ആണ്. ആകയാൽ 500 ബൊക്കാഷി ബക്കറ്റുകൾക്കായി ചെലവഴിക്കേണ്ട 320000/-(640*500) രൂപയ്ക്ക് പകരം 575395/- രൂപ ചെലവഴിച്ചതിന് കാരണം, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ഒന്നുംതന്നെ ചെലവഴിക്കാതിരുന്നതിന് കാരണം എന്നിവ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീയതി 17-10-2023) ലഭ്യമാക്കിയ മറുപടിയിൽ 2023-24 വർഷം പദ്ധതി തുടരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതികൾ ആവിഷ്കരിക്കുന്ന പ്രകാരം നടപ്പാക്കുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതും 400 ഗുണഭോക്താക്കളിൽ നിന്ന് 284/-രൂപ വീതം ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതും ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ യഥാവിധി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അധികം ചെലവഴിച്ച CFC ഗ്രാന്റ് 255395/-രൂപ 2023-24 വർഷം ക്രമീകരിക്കേണ്ടതുമാണ്.

1-22 കുടിവെള്ള പദ്ധതികൾക്ക് മുൻകൂർ നിക്ഷേപം -പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി നിർവഹണം നടത്തിയ താഴെപ്പറയുന്ന നിക്ഷേപ പ്രവൃത്തികൾക്കായി തുക മുൻകൂറായി നൽകിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം., പേര് | ചെലവ് | ബിൽ നം.,/വൗച്ചർ നം. | തുക കൈപ്പറ്റിയത്/ നിർവഹണ ഏജൻസി |
|---|---|---|---|---|
| 1. | S0244/23, അരുവിക്കുഴി കുടിവെള്ള പദ്ധതി | 12,00,000/- (CFC) | XVFC/2022-23/P/ 24/30.3.2023 | ഭൂജല വകുപ്പ്, ആലപ്പുഴ |
| 2. | S0071/23, താപ്പർ കുടിവെള്ള പദ്ധതി | 4,00,000/- (CFC) | XVFC/2022-23/P/ 25/30.3.2023 | ഭൂജല വകുപ്പ്, ആലപ്പുഴ |

പ്രവൃത്തികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/17.10.2023) എസ്റ്റിമേറ്റ് പ്രകാരമുള്ള ബാക്കി തുക 2023-24 ലെ പ്രോജക്ടിൽ വകയിരുത്തിയിട്ടുണ്ടെന്നും തുക പൂർണ്ണമായി ചെലവഴിച്ച് പ്രവൃത്തി പൂർത്തിയാക്കുന്നതാണ് എന്ന് മറുപടി ലഭിച്ചു. പ്രവൃത്തി പൂർത്തീകരണത്തിന്റേയും വിനിയോഗ സാക്ഷ്യപത്രത്തിന്റേയും അഭാവത്തിൽ ടി ഇനത്തിൽ തൻവർഷം ചെലവഴിച്ച 1600000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

സെക്രട്ടറി നിർവഹണം നടത്തിയ താഴെപ്പറയുന്ന നിക്ഷേപ പ്രവൃത്തികൾക്കും മറ്റ് വിവിധ പ്രോജക്ടുകൾക്കുമായി തുക മുൻകൂറായി നൽകിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം., പേര് | ചെലവ് | ബിൽ നം./വൗച്ചർ നം | തുക കൈപ്പറ്റിയത് |
|---|---|---|---|---|
| 1. | 177/23, വൈദ്യുതി ലൈൻ വ്യാപനം | 2000000/- (ജില്ലാ പഞ്ചായത്ത്) | ADCMB23048001916/7.08.2022 | കെ.എസ്.ഇ.ബി |
| 2. | 187/23, അംഗൻവാടി നിർമ്മാണം | 1500000/- (ബ്ലോക്ക്) | 29/13.12.2022<br>28/13.12.2022 | MNREGS സ്റ്റേറ്റ് മിഷൻ |

ക്രമ നം.2 ന് എസ്റ്റിമേറ്റ്, കരാർ രേഖകൾ ലഭ്യമല്ല. രണ്ട് അങ്കണവാടികളുടെ നിർമ്മാണത്തിനാണ് MNREGS സ്റ്റേറ്റ് മിഷന് തുക കൈമാറിയതെന്ന് മറുപടി ലഭിച്ചു (എൻക്വയറി നം.3/16.10.2023). വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണം എന്നിവയുടെ അഭാവത്തിൽ ഈയിനത്തിൽ നിക്ഷേപിച്ച 3500000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്- കുടുംബശ്രീ യൂണിറ്റുകളെ ഏല്പിക്കുന്നില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ, പദ്ധതിയോടനുബന്ധിച്ച് നടപ്പിലാക്കേണ്ട സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ള അശ്വിൻ വിജയൻ, പെർഫക്ഷൻ ബിൽഡേഴ്സ്, ഇടവെട്ടി, തൊടുപുഴ എന്നയാൾക്ക് നൽകിയിട്ടുള്ളതായി കാണുന്നു. തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 14.9.2018 ലെ 2679/EGS/17/REGS കത്തിലെ നിർദ്ദേശ പ്രകാരം ഓരോ ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ കുടുംബശ്രീ സംരംഭക ഗ്രൂപ്പിനെ തൊഴിലുറപ്പ് പദ്ധതിക്കുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് നിർമ്മിക്കുന്നതിന് ചുമതലപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിരുന്നു. കൂടാതെ ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗ്രൂപ്പുകൾക്ക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി പരിശീലനം നൽകേണ്ടതാണ്. പ്രസ്തുത ഗ്രൂപ്പുകൾക്ക് ആവശ്യമായ മൂലധനം നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമ/ബ്ലോക്ക് തലത്തിൽ സ്വീകരിക്കേണ്ടതാണ്. ഓരോ ഗ്രാമപഞ്ചായത്തിലും കുറഞ്ഞത് 100 തൊഴിലുറപ്പ് പദ്ധതികൾക്ക് എങ്കിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന്റെ ചുമതല ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് തലത്തിൽ സന്നദ്ധരായ ഒരു ഗ്രൂപ്പിനെ ഏല്പിക്കുമ്പോൾ പ്രസ്തുത ഗ്രൂപ്പിന് വർഷത്തിൽ കുറഞ്ഞത് 5 ലക്ഷം രൂപയുടെയെങ്കിലും ടേൺ ഓവർ ഉണ്ടാകുന്നതാണ്. ഇത് അവരുടെ ഉപജീവനത്തെ സഹായിക്കും എന്ന വ്യക്തമായ നിർദ്ദേശം ഉണ്ടായിരുന്നിട്ടും ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. നിലവിലും ടെണ്ടർ മുഖാന്തിരമാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചുവരുന്നത്. തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ നിർദ്ദേശങ്ങൾക്ക് യാതൊരു വിലയും കല്പിക്കാതെ യാതൊരു നടപടികളും കൈക്കൊള്ളാതെ പദ്ധതി നടപ്പിലാക്കുന്നത് ഉചിതമായ നടപടിയല്ല. ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റുകളെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് നിർമ്മാണം ഏല്പിക്കുന്നതുവഴി പ്രസ്തുത യൂണിറ്റിലെ ഓരോ അംഗത്തിന്റേയും പ്രതിശീർഷ വരുമാനം വർദ്ധിക്കുന്നതിനും ഇത് അവരുടെ ക്രയശേഷി വർദ്ധിക്കുന്നതിനും ഭൗതിക ജീവിത നിലവാരം ഉയരുന്നതിനും സഹായിക്കുന്നു. മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് അനുകൂല നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-25 കുടുംബശ്രീ ഹെൽപ് ഡെസ്ക് പ്രവർത്തനം ആരംഭിച്ചില്ല - വാങ്ങിയ കമ്പ്യൂട്ടർ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു

പ്രോജക്ട് നം. -S0070/23,

പേര് – കുടുംബശ്രീ ഹെൽപ് ഡെസ്ക്-അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (സ്പിൽ ഓവർ)

അടങ്കൽ - 100000/-

ചെലവ്- 49995/- (തനത് ഫണ്ട്)

വൗച്ചർ നമ്പർ- 22200879/31.03.2023

നിർവഹണം - സെക്രട്ടറി

മേൽ പ്രോജക്ടിൽ മൂന്ന് വർഷ വാറണ്ടിയോടുകൂടി ഒരു ACER ഡെസ്ക് ടോപ് കമ്പ്യൂട്ടർ GEM മുഖാന്തിരം HIND Digital Solutions എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയുണ്ടായി. എന്നാൽ വാങ്ങിയ കമ്പ്യൂട്ടർ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതായോ കുടുംബശ്രീ ഹെൽപ് ഡെസ്ക് പ്രവർത്തനം ആരംഭിച്ചതായോ കാണുന്നില്ല. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/17.10.2023) കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് കമ്പ്യൂട്ടർ വിതരണം ചെയ്യുമെന്നറിയിച്ചിട്ടുണ്ട്. വാറണ്ടി കാലാവധിയ്ക്കുള്ളിൽ വാങ്ങുന്ന ഉപകരണങ്ങൾ ഉദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഹെൽപ് ഡെസ്ക് പ്രവർത്തനം ആരംഭിക്കുന്നതുവരെ ഈയിനത്തിലെ ചെലവ് (49995/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-26 വയോജനങ്ങൾക്ക് കട്ടിൽ - ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡങ്ങൾ ഉറപ്പ് വരുത്തിയിട്ടില്ല

പ്രോജക്ട് നം. – S0138/23

പ്രോജക്ടിന്റെ പേര് - വയോജനങ്ങൾക്ക് കട്ടിൽ

നിർവഹണം - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

മേൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ട്രഷറി ബിൽ നം. 22070252008600958965/26-12-22 പ്രകാരം 1,88,550/- രൂപ ചെലവഴിച്ച് 45 ഗുണഭോക്താക്കൾക്ക് കട്ടിൽ വാങ്ങി വിതരണം ചെയ്തു. സബ്സിഡി

മാർഗ്ഗനിർദ്ദേശം (സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭവ. തീയതി 28-05-2022, ഖണ്ഡിക 7.1.14(2)) പ്രകാരം ഗുണഭോക്താക്കൾ 60 വയസ്സിന് മുകളിലുള്ളവരും നിരാലംബരും ആയിരിക്കണം. ടി ഗുണഭോക്താക്കൾ നിരാലംബർ ആണെന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടി ക്രമങ്ങൾ വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/18-10-23 ന് നൽകിയ മറുപടിയിൽ ടി ഗുണഭോക്താക്കൾ നിരാലംബർ ആണെന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ നിരാലംബർ ആണെന്ന് ഉറപ്പ് വരുത്താൻ എന്ത് മാനദണ്ഡമാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡം സംബന്ധിച്ച് വ്യക്തത വരുത്താൻ സർക്കാരിൽ നിന്ന് സ്പഷ്ടീകരണം തേടേണ്ടതും തുടർ വർഷങ്ങളിൽ പദ്ധതി നടപ്പാക്കുമ്പോൾ ടി അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-27 ലൈബ്രറിയ്ക്കായി GEM മുഖേന വാങ്ങൽ - ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല

പ്രോജക്ട് നം. – S0065/23,
പേര് – ഗ്രാമ പഞ്ചായത്ത് ലൈബ്രറി അടിസ്ഥാന സൗകര്യ വികസനം (സ്പിൽ ഓവർ)
നിർവഹണം - സെക്രട്ടറി

അടങ്കൽ - 400000/-

ചെലവ് - 44550/- (തനത് ഫണ്ട്)

വൗച്ചർ നം., തീയതി 22200458/19.10.2022

പ്രോജക്ടിൽ 36550/- രൂപ വിലയുള്ള ഒരു ACER ലാപ്ടോപ്പ് GEM വഴി IT Professional Co-operative Society എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. അപാകത ചുവടെ ചേർക്കുന്നു.

(I) വാങ്ങൽ സംബന്ധിച്ച് വിവിധ സ്ഥാപനങ്ങളുടെ GEM ലെ നിരക്ക്, കമ്പാരിസൺ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമല്ല.

(Ii)വാങ്ങിയ ലാപ്ടോപ്പിന്റെ കൃത്യമായ സ്പെസിഫിക്കേഷൻ ബില്ലിൽ ചേർത്തിട്ടില്ല.

(Iii)പുതുതായി വാങ്ങുന്ന ഏതൊരു ഇലക്ട്രോണിക് ഉപകരണത്തിനും ആദ്യ ഒരു വർഷം വാറണ്ടി ഉണ്ടെന്നിരിക്കെ AMC ചാർജ്ജായി 1000/- രൂപ പ്രൊഫഷണൽ ഐ.റ്റി സൊല്യൂഷൻ ഹാജരാക്കിയ ബില്ലിൽ രേഖപ്പെടുത്തിയതായി കാണുന്നു. ഇത് ക്രമപ്രകാരമല്ല.

(Iv)വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്യുതിട്ടില്ല.
അപാകത പരിഹരിച്ച് രേഖകൾ കൃത്യമാക്കി ഓഡിറ്റിൽ സമർപ്പിക്കേണ്ടതാണ്.

## 1-28 വാതിൽപ്പടി സേവന പദ്ധതി

സർക്കാർ ഉത്തരവ് നം.1066/21/31-05-21 പ്രകാരം വാതിൽപ്പടി സേവന പദ്ധതിക്ക് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രായാധിക്യം, ഗുരുതര രോഗം, അതിദാരിദ്ര്യം തുടങ്ങിയ പലവിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവരുടെയും അറിവില്ലായ്മയും മറ്റ് നിസ്സഹായവസ്ഥകളും മൂലം സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങളുടെ അടുത്തേക്ക് സേവനങ്ങൾ കൂടുതൽ സുഗമവും, കാര്യക്ഷമവും, സമയബന്ധിതവുമായി എത്തിച്ചേരേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് സന്നദ്ധസേവന ദാതാക്കളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോട് കൂടി കൂടുതൽ സേവന മേഖലകൾ ഉൾപ്പെടുത്തി സാമൂഹിക സന്നദ്ധസേനയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വിവിധ കാരണങ്ങളാൽ അവകാശപ്പെട്ട സേവനങ്ങൾ ലഭിക്കാതെ പോകുന്ന ജനങ്ങൾക്ക് സന്നദ്ധസേനാംഗങ്ങളോ അനുബന്ധ സേവനദാതാക്കളോ വീടുകളിൽ നേരിട്ടെത്തി സർക്കാരിന്റെ സാമൂഹ്യ ക്ഷേമ സേവനങ്ങൾ ലഭിക്കുന്നതിനാവശ്യമായ സഹായങ്ങൾ പ്രദാനം ചെയ്യുക എന്നതാണ് വാതിൽപ്പടി സേവന പദ്ധതിയുടെ പ്രധാന ലക്ഷ്യം.

പഞ്ചായത്തിൽ വാതിൽപ്പടി സേവന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്ന് അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.21/22-23/21-10-23 ന് നൽകിയ മറുപടിയിൽ സേവന പ്രദാന സംവിധാനം ഒരുക്കാനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും, അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും, വോളന്റിയേഴ്സിനെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഗ്രാമ പഞ്ചായത്തിന്റെ വിഭവപരിമിതി മൂലം ഇത് വരെ സേവനം നൽകി തുടങ്ങിയിട്ടില്ലയെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. വാതിൽപ്പടി സേവന പദ്ധതി യാഥാർത്ഥ്യമാക്കി അർഹരായവർക്ക് ആനുകൂല്യം നൽകാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 ലാപ്ടോപ്പ് വിതരണം നടത്തിയില്ല

പ്രോജക്ട് നം. – S0075/23

പ്രോജക്ടിന്റെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് - ട്രഷറി ബിൽ റഫ.നം. - 22070252008100092152/11-05-22, 587655/- രൂപ

മേൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ട്രഷറി ബിൽ റഫറൻസ് നം. 22070252008100092152/ 11-05-22 പ്രകാരം 587655/- രൂപ ചെലവഴിച്ച് 15 ലാപ്ടോപ്പ് വാങ്ങിയിട്ടുണ്ട്. ഇതിൽ 14 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. ഒരെണ്ണം നിലവിലും വിതരണം ചെയ്തിട്ടില്ല. ഇതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/22-23/21-10-23 ന് ലഭ്യമാക്കിയ മറുപടിയിൽ, ടി ലാപ്ടോപ്പ് വാർഡ് 6 ലെ ഗുണഭോക്താവിന് ഉള്ളതാണെന്നും ഗുണഭോക്താവിനോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും അപേക്ഷയും അനുബന്ധ രേഖകളും ലഭ്യമാക്കി ലാപ്ടോപ്പ് കൈപ്പറ്റിയില്ലെന്നും അറിയിച്ചിട്ടുണ്ട്. ആവശ്യകത നിർണയിക്കാതെയും ഉറപ്പാക്കാതെയും ഇപ്രകാരം വാങ്ങൽ നടത്തുന്നത് ഒഴിവാക്കേണ്ടതാണ്. മറ്റ് വാർഡുകളിൽ അർഹരായ ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ ഗ്രാമസഭയുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും അംഗീകാരത്തോടെ അർഹതയുള്ള പഠിതാവിന് ലാപ്ടോപ് വിതരണം ചെയ്യേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. വിതരണം ചെയ്യാത്ത ലാപ്ടോപ്പിനായി ചെലവഴിച്ച 39177/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 പഠനമുറി - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം. – S0161/23

പ്രോജക്ടിന്റെ പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് - 1) ട്രഷറി ബിൽ റഫ.നം. 22070252008101265246/28-02-23, 350000/-

2) ട്രഷറി ബിൽ റഫ.നം. 22070252008101425244/28-02-23, 250000/-

3) ട്രഷറി ബിൽ റഫ.നം. 22070252008101452933/28-02-23, 75000/-

പദ്ധതി പ്രകാരം 9 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കാൻ ഭാഗികമായി ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ടി ഗുണഭോക്താക്കൾ ആരും തന്നെ പ്രവൃത്തി പൂർത്തീകരിച്ച് വാല്യുവേഷൻ ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം തേടി ഓഡിറ്റ് എൻക്വയറി (നം. 19/22-23/ 20-10-23) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ പണി പൂർത്തീകരിച്ച് അർഹമായ തുക വിതരണം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| പ്രഭാകുമാർ, കുറ്റമണ്ണിൽ | 125000/- |
| അയ്യപ്പദാസ്, ചരിവുപറമ്പിൽ | 125000/- |

| | |
|---|---|
| സോണി , കെ.എസ്. കരിമ്പൻമാവിൽ | 50000/- |
| സുരേഷ്, കൊട്ടുങ്ങല്ലരേത്ത് | 125000/- |
| ദിവാകരൻ പി.കെ., പാലമൂട്ടിൽ | 50000/- |
| അനിൽ റ്റി.ജെ., തെങ്ങിൽ വീട് | 50000/- |
| സുകുമാരൻ പി.കെ., പറപ്പെട്ടിൽ മേലേതിൽ | 50000/- |
| സുരേഷ് പി.കെ., പാലനിൽക്കും തറയിൽ | 50000/- |
| ഗോപാലകൃഷ്ണൻ, ഉണ്ടിൽ പടീറ്റതിൽ | 50000/- |
| ആകെ | 675000/- |

മേൽ സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ച് വാല്യുവേൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് വരെ ഈ ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 675000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 അഗതിരഹിത കേരളം - പദ്ധതി അവലോകനം

നിരാലംബരും നിർദ്ധനരുമായ കുടുംബങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് അഗതിരഹിത കേരളം പദ്ധതി. സംസ്ഥാന സർക്കാർ കുടുംബശ്രീയുമായി സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. ഗുണഭോക്താക്കൾക്ക് അതിജീവനാവശ്യങ്ങളായ ഭക്ഷണം, ചികിൽസാ സഹായം, വസ്ത്രം, പെൻഷൻ, മക്കളുടെ വിദ്യാഭ്യാസത്തിനുള്ള സഹായം, ഭവനരഹിതർക്ക് അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, ശുചിത്വ സംവിധാനം എന്നിവയും ഈ പദ്ധതി ലക്ഷ്യമിടുന്നു.

ഓഡിറ്റ് എൻക്വയറി നം. 20 തീയതി 20-10-23ന് പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ അംഗീകരിച്ച അഗതി രഹിത കേരളം പദ്ധതി (2019-22) പ്രകാരം നിലവിൽ 90 ഗുണഭോക്താക്കളുണ്ട്. ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യം സംബന്ധിച്ചും അഗതികൾക്ക് പഞ്ചായത്ത് അനുവദിച്ച ആനുകൂല്യം സംബന്ധിച്ചുമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| അടിസ്ഥാന ആവശ്യം | ഗുണഭോക്താക്കളുടെ എണ്ണം | വിവിധ പദ്ധതികൾ വഴി ആനുകൂല്യം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| വീട് ആവശ്യമുള്ളവർ | 16 | 03 |
| ഭൂരഹിതർ | 07 | 0 |
| കുടിവെള്ള സൗകര്യമില്ലാത്തവർ | 19 | 19 |
| ടോയ്‌ലെറ്റ് സൗകര്യമില്ലാത്തവർ | 14 | 14 |
| ഭവനപുനരുദ്ധാരണം ആവശ്യമുള്ളവർ | 37 | 06 |

അഗതികളുടെ അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിൽ മന്ദഗതിയിലുള്ള പുരോഗതി മാത്രമാണ് കൈവരിച്ചിട്ടുള്ളത്. അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-32 അങ്കണവാടി - അവലോകനം

ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വെൺമണി ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 22 അങ്കണവാടികളിൽ 10 എണ്ണം സ്വന്തം കെട്ടിടത്തിലും 10 എണ്ണം വാടക കെട്ടിടത്തിലും 02 എണ്ണം വാടക രഹിതമായും പ്രവർത്തിക്കുന്നു. 22 അങ്കണവാടികളിലും ടോയ്‌ലെറ്റ് സൗകര്യമുണ്ട്. 14എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. 22 അങ്കണവാടികളിലും വൈദ്യുതി സൗകര്യം, കുടിവെള്ളം എന്നിവ ലഭ്യമാണ്. എല്ലാ അങ്കണവാടികളിലും അടുക്കളയ്ക്ക് പ്രത്യേകം മുറിയുണ്ട്. എല്ലാ അങ്കണവാടികളിലും ഗ്യാസ് കണക്ഷനും ആവശ്യത്തിന് ഫർണീച്ചറും പാത്രങ്ങളും ഫാൻ, ധാന്യസംഭരണികൾ എന്നിവ ലഭ്യമാണ്. 03 അങ്കണവാടികളിൽ ടെലിവിഷൻ സ്ഥാപിച്ചിട്ടുണ്ട്. ഒരു അങ്കണവാടിയിൽ നെറ്റ് കണക്ഷനും ലഭ്യമാണ്. എല്ലാ അങ്കണവാടികളും ഫിറ്റ്നെസ്സ് ഉള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കാൻ ഭക്ഷ്യസംഭരണികൾ സൂക്ഷിക്കുന്നു. മാതൃകാ അങ്കണവാടികൾ നിലവിലില്ല. സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കാനും മറ്റ് അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ലൈഫ് ഭവന നിർമ്മാണം-ഗുണഭോക്താവിന് ആനുകൂല്യം അധികം നൽകി

പ്രോജക്ട് നം. – S0145/2023
പ്രോജക്ടിന്റെ പേര് – ലൈഫ് ഭവന നിർമ്മാണം- എസ്.സി (അഡീഷണൽ)
നിർവഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

അടങ്കൽ

വികസന ഫണ്ട്(എസ്.സി.പി) :-1196800
ജില്ലാപഞ്ചായത്ത് വിഹിതം :-800000
ബ്ലോക്ക് പഞ്ചായത്ത് വിഹിതം:-500000
സംസ്ഥാനാവിഷ്കൃത ഫണ്ട് :-500000
ഹഡ്കോ ലോൺ :-995350
തനതു ഫണ്ട് :-7850
ആകെ :-4000000

ചെലവ് വിവരങ്ങൾ

BRN 22070252008900629788 Dated 11-10-2022 തുക 4,20,000/-

ലൈഫ് ഭവന നിർമ്മാണം- എസ്.സി (അഡീഷണൽ) എന്ന പ്രോജക്ടിന്റെ ചെലവ് രേഖകൾ, രജിസ്റ്റർ ബില്ലുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് 420000/- രൂപ ലൈഫ് ഭവന പദ്ധതിക്കുള്ള ആനുകൂല്യമായി നൽകി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും അഡ്രസ്സും | തീയതി | നൽകിയ തുക | സ്റ്റേജ് ഓഫ് കൺസ്ട്രക്ഷൻ |
|---|---|---|---|
| അമ്പിളിജ്ജബിൻ, ചേമ്പേത്ത്, വെണ്മണി.പി.ഒ, വെണ്മണി | 04-01-21 | 40,000/- | അഡ്വാൻസ് |
| | 29-07-2021 | 1,60,000/- | ഫൗണ്ടേഷൻ |
| | 11-10-22 | 60,000/- | കംപ്ലീഷൻ |
| | 26-10-2022 | 1,60,000/- | റൂഫ് |
| | ആകെ | 420000/- | |

അധികം നൽകിയ 20,000/- രൂപ പ്രസ്തുത വ്യക്തിയിൽ നിന്നും തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന്(നം.8 തീയതി 17-10-2023) ലഭ്യമാക്കിയ മറുപടിയിൽ, ഗുണഭോക്താവിന് തുക അധികം നൽകിയിട്ടുണ്ടെന്നും വിവരം ഗുണഭോക്താവിനെ ബോധ്യപ്പെടുത്തി തുക തിരികെ അടക്കാമെന്നും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 20000/- രൂപ ടി ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി സർക്കാരിന്റെ സഞ്ചിതനിധിയിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 112176 | ഇഞ്ചി-മഞ്ഞൾകൃഷി വികസനം(വനിത)എസ്.സി | 112176 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 55875 | വാഴവിത്ത് വിതരണം(വനിത)എസ്.സി) | 55875 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 344800 | ഇഞ്ചി-മഞ്ഞൾകൃഷി വികസനം(വനിത- ജനറൽ) | 344800 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 275760 | സമഗ്ര നെൽകൃഷി വികസനം (ജനറൽ) | 275760 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 600000 | ലൈഫ് ഭവനനിർമ്മാണം (എസ് സി) | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 150000 | അതിദരിദ്രർക്ക് ഭവനപുനരുദ്ധാരണം(എസ് സി) | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | ക്ഷീര കർഷകർക്ക് ഇൻസെന്റീവ്(ജനറൽ) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | അനുപൂരക പോഷകാഹാര പദ്ധതി(എസ്.സി.പി.) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 229000 | ശാരീരിക മാനസിക | 229000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 579720 | വൈദ്യുതി ലൈൻ വ്യാപനം | 579720 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1500000 | അങ്കണവാടി നിർമ്മാണം | 1500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1622806 | കമ്മ്യൂണിറ്റി ഹാൾസ്ഥലം വാങ്ങൽ | 1622806 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 450000 | ലൈഫ് ഭൂമിവാങ്ങൽ എസ് സി അഡീഷണൽ | 450000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 483200 | ലൈഫ് ഭവന നിർമ്മാണം എസ് സി അഡീഷണൽ(ന്യൂ) | 483200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 360000 | ലൈഫ് ഭവന നിർമ്മാണം - ജനറൽ | 360000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000 | അതിദരിദ്രർക്ക് ഭവന പുനരുദ്ധാരണം (ജനറൽ) | 100000 | 0 |
| ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2022-23 | 7263337 | | 7263337 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 477559 | പട്ടികജാതി വിദ്യർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ) | 477559 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 75000 | അതിദരിദ്രർക്ക് ഭവന പുനരുദ്ധാരണം (എസ് സി) | 75000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1555000 | ലൈഫ് ഭവനനിർമ്മാണം (എസ് സി) | 1555000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | അനുപൂരക പോഷകാഹാര പരിപാടി(ജനറൽ) | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 300000 | ക്ഷീര കർഷകന് ഇൻസെന്റീവ്(ജനറൽ) | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 500000 | സമഗ്ര നെൽകൃഷി വികസനം(ജനറൽ) | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 680000 | ലൈഫ് ഭവനനിർമ്മാണം (എസ് സി) അഡീഷണൽ(ന്യൂ) | 680000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 160000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 160000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2000000 | വൈദ്യുതി ലൈൻ വ്യാപനം | 2000000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 3277194 | കമ്മ്യൂണിറ്റി ഹാൾസ്ഥലം വാങ്ങൽ | 3277194 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 34993 | വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം | 34993 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 50000 | പട്ടികജാതി വിദ്യർത്ഥികൾക്ക് പഠനമുറി | 50000 | |
| ആകെ ജില്ലാപഞ്ചായത്ത് വിഹിതം | 2022-23 | 9259746 | | 9309746 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ്, ആലപ്പുഴ | S0244/23, അരുവിക്കുഴി കുടിവെള്ള പദ്ധതി | XVFC/2022-23/P/ 24/30.3.2023 | 12,00,000/- | 0 | 12,00,000 |
| ഭൂജല വകുപ്പ്, ആലപ്പുഴ | S0071/23, താപ്പൂർ കുടിവെള്ള പദ്ധതി | XVFC/2022-23 /P/25/30.3.2023 | 4,00,000/- (CFC) | 0 | 4,00,000 |
| കെ.എസ്.ഇ.ബി | S0177/23, വൈദ്യുതി ലൈൻ വ്യാപനം | 23048001916/ 7.08.2022 | 200000 | 0 | 200000 |
| MNREGS സ്റ്റേറ്റ് മിഷൻ | S0187/23, അംഗൻവാടി നിർമ്മാണം | 29/13.12.2022 28/13.12.2022 | 1500000 | 0 | 1500000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ /വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | തുക | മുതൽ | പലിശ | തുക |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ ഹഡ്കോ വായ്പ | സ.ഉ.കൈ (നം. 302/2021)ത.സ്വ.ഭ.വ തീയതി 17/12/2021 | 1130000 | 6695293 | 1601801 | 0 | 6223492 |

4-5 സ്ഥിര നിക്ഷേപം

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 22035/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2017-18 | 3-5(2) | 4535 | സരസമ്മ. ബി | 1220401180/6.01.23 |
| 2017-18 | 3-3 | 17500 | നിസ്സാർ.വൈ കരാറുകാരൻ | 1220401298/11.10.22 |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2003-04 | 2-3 | 2007-08 | 3-22-1 | എസ്.ജി.ആർ.വൈ ഭക്ഷ്യധാന്യ വിതരണം |

.

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 31486122 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 27819606 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 20000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 5864172 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|---|

| നമ്പർ | (വരവ് നഷ്ടം | (ചെലവ് നഷ്ടം | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 20000 | ശ്രീമതി വിനീത പുഷ്പാകരൻ<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | ഇല്ല | 20000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 1600000 | ശ്രീമതി സ്നേഹജ ഗ്ലോറി<br>സെക്രട്ടറി |
| 1-23 | 3500000 | ശ്രീമതി സ്നേഹജ ഗ്ലോറി<br>സെക്രട്ടറി |
| 1-25 | 49995 | ശ്രീമതി സ്നേഹജ ഗ്ലോറി<br>സെക്രട്ടറി |
| 1-29 | 39177 | ശ്രീ.സുഭാഷ് ബാബു<br>അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | 675000 | ശ്രീ.സുഭാഷ് ബാബു<br>അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 5864172 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 2898 | ശ്രീമതി സ്നേഹജ ഗ്ലോറി<br>സെക്രട്ടറി |
| 1-16 | 4148 | ശ്രീമതി സ്നേഹജ ഗ്ലോറി<br>സെക്രട്ടറി |
| 1-17 | 3023 | ശ്രീമതി സ്നേഹജ ഗ്ലോറി<br>സെക്രട്ടറി |
| ആകെ | 10069 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി വിനീത പുഷ്പാകരൻ. | വി.ഇ.ഒ<br>വെണ്മണി ഗ്രാമപഞ്ചായത്ത് | പുഷ്പാലയം<br>വള്ളികുന്നം,<br>വള്ളികുന്നം.പി.ഒ |

| | | |
|---|---|---|
| | | ആലപ്പുഴ. |
| ശ്രീമതി സ്നേഹജ ഗ്ലോറി സെക്രട്ടറി | സെക്രട്ടറി എഴുകോൺ ഗ്രാമ പഞ്ചായത്ത് | വിനോദ് ഭവനം, നിരാവിൽ, പെരിനാട് പി .ഒ, കൊല്ലം |
| ശ്രീ.സുഭാഷ് ബാബു അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി ദേവികുളങ്ങര ഗ്രാമ പഞ്ചായത്ത്. | ഭാർഗ്ഗവ സദനം മീനംപള്ളിൽ പത്തിയൂർ പി.ഒ കായംകുളം. |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 | LFGA5-1832/11 തീയതി, 4/2/2012 |
| 1997-98 | LFGA5-1832/11 തീയതി, 4/2/2012 |
| 1998-99 | LFGA5-1832/11 തീയതി, 4/2/2012 |
| 1999-00 | LFGA5-1832/11 തീയതി, 4/2/2012 |
| 2000-01 | LFGA5-1832/11 തീയതി, 4/2/2012 |
| 2001-02 | LFGA5-1832/11 തീയതി, 4/2/2012 |
| 2002-03 | LFGA5-1832/11 തീയതി, 4/2/2012 |
| 2003-04 | LFGA5-1832/11 തീയതി, 4/2/2012 |
| 2004-05 | LFGA5-1832/11 തീയതി, 4/2/2012 |
| 2005-06 | LFGA5-1832/11 തീയതി, 4/2/2012 |
| 2006-07 | LFAP5-281/11 തീയതി, 20/9/2011 & 30/09/11<br>LFAP5-1482/10 തീയതി, 20/6/11 & 2/7/2011 |
| 2007-08 | LFAP5-282/11 തീയതി, 20/9/11 & 30/09/11 |
| 2008-09 | LFAP5-1580/2023 തീയതി 16-05-2023 |
| 2009-10 | LFAP5-1580/2023 തീയതി 16-05-2023 |
| 2010-11 | LFAP5-1580/2023 തീയതി 16-05-2023 |
| 2011-12 | LFAP5-1580/2023 തീയതി 16-05-2023 |
| 2012-13 | LFAP5-1580/2023 തീയതി 16-05-2023 |
| 2013-14 | LFAP5-1580/2023 തീയതി 16-05-2023 |
| 2014-15 | LFAP5-1580/2023 തീയതി 16-05-2023 |
| 2015-16 | LFAP5-1580/2023 തീയതി 16-05-2023 |
| 2016-17 | LFAP5-1580/2023 തീയതി 16-05-2023 |
| 2017-18 | LFAP5-1580/2023 തീയതി 16-05-2023 |
| 2018-19 | LFAP5-1580/2023 തീയതി 16-05-2023 |

| | |
|---|---|
| 2019-20 | KSA-ALP-P-5/840/2021 തീയതി, 28/09/2021 |
| 2020-21 | KSA-ALP-P-5/841/2021 തീയതി, 28/09/2021 |
| 2021-22 | KSA-ALP-P-5/120/2023 തീയതി, 23/03/2023 |

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 13-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Venmany Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Venmany Grama Panchayat for the year 2022-2023

Date: 01/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Venmany Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1.Property tax amounts do not match between the annual accounts and the sanchaya software

2.The following bank account remain without transaction

a) ADCB- Literacy

b) AXIS BANK (SBM)

c) Federal Bank ( 14nth finance commision grant )

d) Federal Bank (covid refund). Proper steps to be taken to close these bank accounts and exclude these from annual financial statement

3) An amount of Rs 25000/- refunded to the development fund (general) has not been included in the annual financial statement

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്